II ഇ.ബി. XII- കേരള നിയമസഭ/XV-6

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 06, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 20 (*151) റോഡുകളുടെ വികസനത്തിനുള്ള പദ്ധതി

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, നഗരങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും റോഡുകളുടെ വികസനത്തിനുമായി പദ്ധതി ആവിഷ്ക്കരിക്കുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, പാലക്കാട്, നെയ്യാറ്റിൻകര, വടകര, കണ്ണൂർ, മലപ്പുറം, കാസർകോട്, തൊടുപുഴ, പത്തനംതിട്ട, അടൂർ, കായംകുളം, കൽപ്പറ്റ, ഇടുക്കി, കോതമംഗലം, അങ്കമാലി, മൂവാറ്റുപുഴ, ആലുവ, പറവൂർ എന്നീ നഗരങ്ങളിലാണ് ഇതിനായി സർവ്വേ നടത്തുന്നതെന്നും സഭയെ അറിയിച്ചു. സർവ്വേയിൽ വേഗത കണക്കാക്കൽ, പാർക്കിംഗ് ആവശ്യങ്ങൾ, റോഡ് കണക്കെടുപ്പ്, ഗതാഗതക്കുരുക്കുകളുടെ കണക്കെടുപ്പ്, കാൽനടക്കാരുടെ കണക്കെടുപ്പ്, ചരക്കുനീക്കുന്നതിന്റെ കണക്കെടുപ്പ്, ബൈപ്പാസ് ചെയ്യുന്ന ആൾക്കാർ/സാധനങ്ങളുടെ കണക്കെടുപ്പ്, റോഡിന്റെ

തുടക്കം-ഒടുക്കം എന്നിവ സംബന്ധിച്ച കണക്കെടുപ്പ് എന്നിവയാണ് ഉൾപ്പെടുത്തുന്നത്. വളരെയധികം മനുഷ്യ വിഭവശേഷി ആവശ്യമായതിനാൽ എല്ലാ നഗരങ്ങളിലും ഒരേസമയം സർവ്വേ നടത്തുവാൻ നിർവ്വാഹമില്ലെന്നും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് റിംഗ് റോഡുകളും ബൈപ്പാസ്സുകളും നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണെന്നും നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം 2010 അവസാനത്തോടെ മാസ്റ്റർപ്ലാൻ രൂപീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ റോഡ് ഡെവലപ്മെന്റ് പോളിസിക്ക് കരട് രൂപം നൽകുകയും റോഡ് ഡെവലപ്മെന്റിനോടൊപ്പം വാട്ടർ വേയ്സ്, റെയിൽവേ എന്നിവയുടെ വികസനം സംബന്ധിച്ച് ഇന്റഗ്രേറ്റഡ് പഠനം നടത്തുന്നതിന് ഡിയോലിറ്റിനെ നിയോഗിക്കുകയും അത്യാവശ്യ ഡേറ്റകൾ ഫിൽ ചെയ്യുന്നതിന് നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം അവസാനത്തോടുകൂടി ഒരു ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് പോളിസിക്ക് രൂപം നൽകുന്നതാണ്. ടെണ്ടർ നടപടികളിലുണ്ടാകുന്ന കാലതാമസം ഇ-ടെണ്ടറിംഗിലൂടെ പരിഹരിക്കാൻ കഴിയുന്നതാണ്. കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ടു കൊണ്ടുള്ള റോഡുകളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സംസ്ഥാന സർക്കാർ പുതുതായി നിർമ്മിക്കുന്ന ദീർഘദൂര റോഡുകളെല്ലാം കാനയോടും നടപ്പാതയോടുംകൂടിയുള്ളതായിരിക്കുമെന്നും കോട്ടയം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഫുട് ഓവർ ബ്രിഡ്ജിന് അടിയന്തിരമായി അനുമതി നൽകുന്നതാണെന്നും ഫ്ളൈ ഓവറിനുവേണ്ടിയുള്ള ആശയ സമന്വയം ഉണ്ടാക്കിയിട്ടുണ്ടെന്നും. അത് ആനുവിറ്റി അടിസ്ഥാനത്തിലാണോ ബി.ഒ.ടി. അടിസ്ഥാനത്തിലാണോ

പണിയേണ്ടത് എന്നതുസംബന്ധിച്ച് തീരുമാനമെടുത്തുകഴിഞ്ഞാൽ അടിയന്തിരമായി പണി ആരംഭിക്കാവുന്നതാണെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കൊച്ചിയിലും സമാനമായ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നതിന് എം. എൽ.എ.മാരും രാഷ്ട്രീയ നേതാക്കളുമായും വിശദമായ ചർച്ച നടത്തി അഭിപ്രായ സമന്വയമുണ്ടാക്കുകയും അതിന്റെ ഭാഗമായി 12 റോഡുകൾ നവീകരിക്കാനും പുതിയതായി 3 റെയിൽവേ മേൽപ്പാലങ്ങൾ പണിയാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചി-കോതമംഗലം, കൊച്ചി-എയർപോർട്ട്-സീപോർട്ട് റോഡ് തുടങ്ങിയ ദീർഘദൂര കണക്ടിവിറ്റിയെക്കുറിച്ചും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ഗതാഗതക്കുരുക്കും വളരെയധികം കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മണ്ണുത്തി-അമരനഗർ റോഡ് ബൈപ്പാസ്സാക്കി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡുകൾ വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിലുള്ള തർക്കങ്ങൾ തീർത്താൽ എത്രയും പെട്ടെന്ന് പണി ആരംഭിക്കാൻ കഴിയുമെന്നും ഓരോ റോഡിനും ഭൂമി ഏറ്റെടുക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിക്കുന്നതിന് അഭിപ്രായ സമന്വയം ഉണ്ടാക്കേണ്ടതുണ്ടെന്നും അമ്പലപ്പുഴ മുതൽ കരുവാറ്റവരെയുള്ള റോഡിന്റെ സ്ഥിതി NAHAI-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും നാഷണൽ ഹൈവേ ഡെവലപ്മെന്റിന്റെ ഭാഗമായി വരുമ്പോൾ അപാകതകൾ പരിഹരിക്കപ്പെടുമെന്നും ദേശീയ പാതയിലെ ഗതാഗതക്കുരുക്കിന് മുഖ്യകാരണം ബൈപ്പാസ്സുകൾ പൂർത്തിയാക്കാത്തതാണെന്നും അവ പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്

അനുവാദമില്ലെന്നും ബൈപ്പാസ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബി.ഒ.ടി. കരാറിലേയ്ക്കാണ് കേന്ദ്രസർക്കാർ നീങ്ങുന്നതെന്നും പണിതീരാത്ത എല്ലാ പാലങ്ങളും ഏറ്റെടുക്കുന്ന സമീപനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും മധുര-കൊച്ചി റോഡിന്റെ ബൈപ്പാസുകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിലെ കാലതാമസം പരിശോധിച്ച് നടപടിയെടുക്കുന്നതാണെന്നും കോഴിക്കോടുമായി ബന്ധിപ്പിക്കുന്ന സംസ്ഥാന പാത -38 എത്രയും പെട്ടെന്ന് സംസ്ഥാന പാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി ആരംഭിക്കുമെന്നും ഇപ്പോൾ മൂന്ന് ഫ്ളൈ ഓവറുകൾ നിർമ്മിക്കാൻ പോകുന്നതിൽ ഇടപ്പള്ളി മുതൽ കുണ്ടന്നൂർ വരെയുള്ള ഫ്ളൈ ഓവറിന്റെ ഫീസിബിലിറ്റി സ്റ്റഡി ഇൻകെൽ നടത്തിയിട്ടുണ്ടെന്നും കേന്ദ്രഗവൺമെന്റും പഠനം പൂർത്തിയാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യകതമാക്കി. കണ്ണൂർ, തലശ്ശേരി ബൈപ്പാസ്സുകൾക്ക് നാഷണൽ ഹൈവേ ഡെവലപ്മെന്റിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റ് കരാർ നൽകിക്കഴിഞ്ഞു. മൊയ്തു പാലം പുനർനിർമ്മിക്കുന്നതിന് നടപടിയായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്കുള്ള മേൽപ്പാലത്തിലെ ടോൾ പിരിവിൽ ഇളവ് അനുവദിക്കാൻ നിർവ്വാഹമില്ലെന്നും കാരനൂർ-കുന്ദമംഗലം റോഡിൽ സ്ഥിരമായി ഡിവൈഡർ സ്ഥാപിക്കുന്നതു സംബന്ധിച്ച് പരിശോധിക്കുമെന്നും ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ആക്ഷേപകരമായ സംഭവങ്ങളുണ്ടായിട്ടുള്ളതിനാൽ ദേശീയപാതയിൽ ഒരു ഇക്കണോ-ടെക്നോ ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കാസർകോഡ് മുതൽ കണ്ണൂർ വരെയുള്ള ബൈപ്പാസ്സുകൾക്ക് മുൻഗണനകൊടുത്തുകൊണ്ട് അലൈൻമെന്റിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് ബി.ഒ.ടി. അടിസ്ഥാനത്തിലാക്കുകയോ ചെയ്യുന്നതാണെന്നും റോഡുകളിലെ കുഴികൾ

നികത്തുന്നതിന് നടപടിയെടുക്കുന്നതാണെന്നും ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് ഒരു സമയവായമുണ്ടാക്കുന്നതിനായി സർവ്വകക്ഷിയോഗം വിളിക്കുന്നതാണെന്നും ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകുമെന്നും ഗതാഗതക്കുരുക്ക് പരമാവധി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (* 152) <u>നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം</u>

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, 2002-ൽ സ്വകാര്യ പങ്കാളിത്തത്തോടെ പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി രൂപീകരിച്ച റൂട്ട്സ് (എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്) എന്ന കമ്പനിയാണ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നോർക്ക-റൂട്ട്സ് എന്ന ഗവൺമെന്റ് കമ്പനിയാക്കി 2008-ൽ പുന:സംഘടിപ്പിച്ചതെന്നും നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടെന്നും ഈ സ്ഥാപനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു. പ്രവാസി മലയാളികളുടേതെന്നപോലെ മറുനാടൻ മലയാളികളുടെ പ്രശ്ന പരിഹാരത്തിനും സംവിധാനങ്ങൾ നിലവിലുണ്ടെന്നും നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മുംബൈയിലും ഡൽഹിയിലുമായി നോർക്ക-റൂട്ട്സിന്റെ എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ചെന്നൈയിലും

ബാംഗ്ലൂരിലും എൻ.ആർ.കെ. ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും പ്രവാസി/മറുനാടൻ മലയാളികൾക്കിടയിൽ പ്രവർത്തിക്കുന്ന അസോസിയേഷനുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നോർക്ക-റൂട്ട്സിന്റെ 29-ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. പ്രവാസി മലയാളികളുടെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. എ.ടി. ബാലഭാസ്ക്കർ കൺവീനറും ശ്രീ. മഞ്ഞളാംകുഴി അലി, ഡോ. കെ.ടി. ജലീൽ, ശ്രീ. മൂസാ മാസ്റ്റർ എന്നിവർ അംഗങ്ങളുമായുള്ള ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടെന്നും അവർ കാലാകാലങ്ങളിൽ ഇതുസംബന്ധിച്ച് പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും പ്രവാസി മലയാളികളുടെ പരിരക്ഷയ്ക്കായി നിയമം കൊണ്ടുവന്നിട്ടുണ്ടെന്നും അവർക്കായി തയ്യാറാക്കിയിട്ടുള്ള സ്കീം അനുസരിച്ച് മരണപ്പെടുന്നവരുടെ കുടുംബത്തിന് 50,000 രൂപയും മൃതശരീരം ഉടനെ നാട്ടിലെത്തിക്കുന്നതിനുവേണ്ട സഹായവും നൽകുന്നുണ്ടെന്നും കൂടുതൽപേർ ഇതിൽ അംഗങ്ങളാകുന്നുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. വിദേശത്ത് ഏതാണ്ട് 30 ലക്ഷത്തോളം മലയാളികൾ ഉണ്ടെന്നാണ് കണക്കാക്കുന്നതെന്നും പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള പ്രായപരിധിയിൽ ഇളവ് വരുത്തുന്നതുസംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും വിദേശ എമ്പസ്സികളോട് ആവശ്യപ്പെടുകയാണെങ്കിൽ പ്രവാസി മലയാളികളുടെ വിവരങ്ങൾ അയച്ചുതരാറുണ്ടെന്നും വിദേശത്തുപോയി പഠിക്കുന്ന കുട്ടികൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെന്ന് വിവരം കിട്ടിയാൽ അവരെ നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനമുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി സഭയെ അറിയിച്ചു.

22 (*153) **റോഡുകളുടെ അറ്റകുറ്റപ്പണികൾ**

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2010 ജൂലൈ 5-നുമുമ്പ് സംസ്ഥാനത്തെ നിരത്തുകളിലെ കുഴികൾ (Pot hole) അടയ്ക്കുവാനും ആഗസ്റ്റ് 15-നുമുമ്പ് മറ്റ് അടിയന്തിര അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുവാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2010-11-ലെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയേതര ചെലവുകൾക്കായി ഉൾക്കൊള്ളിച്ചിട്ടുള്ള 240.42 കോടി രൂപയിൽ നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 157 കോടി രൂപയുടെ ഫണ്ട് അടിയന്തിര അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് അനുവദിക്കുകയും 76 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതിനകം അംഗീകാരം നൽകുകയും ദേശീയപാത വിഭാഗത്തിൽ 16.05 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്കുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കും ഈ തീരുമാനം ബാധകമാണ്. നിരത്തുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള മുൻഗണന ക്രമം നിശ്ചയിക്കുന്നതിനായി നിരത്തുകളെ വളരെ നല്ലത്, നല്ലത്, തൃപ്തികരം, മോശമായവ, വളരെ മോശം എന്നിങ്ങനെ തരംതിരിച്ച് രേഖപ്പെടുത്തുന്നതിനും അവയിൽ വളരെ മോശമായ നിരത്തുകൾ ഗതാഗതയോഗ്യമാക്കുന്നതിനായി ഒരാഴ്ചയ്ക്കകം എസ്റ്റിമേറ്റ് തയ്യാറാക്കി ലഘുദർഘാസുകൾ ക്ഷണിക്കുന്നതിനും ആഗസ്റ്റ് 15-നുമുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടെണ്ടർ കൂടാതെ പണി നടത്തുന്നതിൽ അഴിമതി ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി റോഡിലെ കുഴികളുടെയെല്ലാം ഫോട്ടോയെടുത്ത് സബ് ഡിവിഷനുകളിൽ സൂക്ഷിക്കുന്നതിനും (കുഴി നികത്തുന്നതിന് മുമ്പും പിമ്പും) ഓരോ ദിവസവും ചെയ്യുന്ന പ്രവൃത്തികൾ

സംബന്ധിച്ച് റോഡിന്റെ പേര്, ചെയിനേജ്, സ്ഥലപ്പേര് എന്നിവ ചേർത്ത് അതാത് ദിവസം പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ചേറ്റുവ മുതൽ ചാവക്കാട് വരെയുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ കേന്ദ്രസർക്കാർ പണം നൽകിയില്ലെങ്കിലും സംസ്ഥാന സർക്കാർ തന്നെ അടിയന്തിരമായി ചെയ്യുന്നതാണെന്നും വാട്ടർ സപ്ലൈ, ടെലിഫോൺ കേബിൾ എന്നിവയ്ക്കായി റോഡുകളിൽ പ്രത്യേക ഡക്ട് ഇടുന്നതിന് ശ്രമിക്കുന്നതാണെന്നും ഓരോ വർഷവും ആദ്യംതന്നെ ഡിപ്പാർട്ടുമെന്റുകൾ ഓരോ റോഡിലും ചെയ്യാനുദ്ദേശിക്കുന്ന വർക്കുകളെ സംബന്ധിച്ച് ജില്ലാടിസ്ഥാനത്തിൽ സമയബന്ധിത പദ്ധതികൾ ആവിഷ്ക്കരിച്ച് മൊത്തത്തിൽ അംഗീകരിച്ച് തന്നാൽ മാത്രമേ ഇനി റോഡുകൾ കുഴിക്കുന്നതിന് അനുവദിക്കുകയുള്ളൂവെന്നും ചിന്നക്കനാൽ വിലക്ക് മുതൽ സൂര്യനെല്ലി ബോഡിവട്ട് വരെയുള്ള ബൈപ്പാസിന്റെ പ്രൊപ്പോസൽ ചെറുകിട ദേശീയപാതയുടെ നവീകരണത്തിന്റെ ഭാഗമായി പരിഗണിക്കാമെന്നും കെ.എസ്.ടി.പി. ഏറ്റെടുത്ത കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ പണി അടിയന്തിരമായി ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1398 മുതൽ 1731 വരെയുള്ള ചോദ്യങ്ങളിൽ 213 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)